LIBRARY ARCHIVES Kerala Legislative Assembly

**ആദിച്ചനെല്ലൂർ ചിറ ടൂറിസം പദ്ധതി**

289 (2569) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ആദിച്ചനെല്ലൂർചിറ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ പൂർത്തീകരിച്ച പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) ഇനി ശേഷിക്കുന്ന ജോലികൾ എന്തൊക്കെയാണെന്നും, അവ എന്നത്തേക്ക് പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ആദിച്ചനെല്ലൂർ ചിറ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന പ്രവൃത്തികൾ താഴെപ്പറയുന്നു.

1. Rain Shelter
2. Landscaping
3. Retaining wall
4. Interlocking works (paved area)

ഇതിന്റെ എല്ലാ പ്രവൃത്തികളും ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. 50% പണികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) 2016 മാർച്ച് 31-നകം പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**വിനോദസഞ്ചാരികളിൽ നിന്ന് ലഭ്യമാകുന്ന വരുമാനത്തിലുള്ള വർദ്ധനവ്**

290 (2570) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെത്തുന്ന യൂറോപ്യൻ സഞ്ചാരികളുടെ എണ്ണത്തിലും ഇതിലൂടെയുണ്ടാകുന്ന വരുമാനത്തിലും മുൻവർഷങ്ങളെ അപേക്ഷിച്ച് വർദ്ധനവ് ഉണ്ടായിട്ടുണ്ടോ;

(ബി) വിസ ഓൺ അറൈവൽ എന്ന പദ്ധതി ഈ മേഖലയ്ക്ക് എത്രത്തോളം പ്രയോജനകരമായിട്ടുണ്ട്;

(സി) ലോക ടൂറിസം ഭൂപടത്തിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലൊന്നായ കേരളത്തിലേക്ക് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും ഈ മേഖലയിലെ തൊഴിലവസരങ്ങളും വരുമാനവും വർദ്ധിപ്പിക്കുന്നതിനും പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 'വിസ ഓൺ അറൈവൽ' പദ്ധതി ഇപ്പോൾ 'ഇ-ടൂറിസ്റ്റ് വിസ ഓൺ അറൈവൽ'സംവിധാനമായി പരിഷ്കരിച്ചാണ് കേന്ദ്രഗവൺമെന്റ് നടപ്പിലാക്കുന്നത്. ഇന്ത്യയിലെ 16 വിമാനത്താവളങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള ഈ സംവിധാനം കേരളത്തിൽ കൊച്ചി, തിരുവനന്തപുരം എന്നീ 2 വിമാനത്താവളങ്ങളിൽ ലഭ്യമാണ്. താരതമ്യേന എളുപ്പമായ നടപടിക്രമങ്ങളിലൂടെ 113 രാജ്യങ്ങളിൽ നിന്ന് വിനോദസഞ്ചാരം, സുഹൃത്തുക്കളേയും ബന്ധുക്കളേയും സന്ദർശിക്കൽ, ചികിത്സ/ബിസിനസ് ആവശ്യങ്ങൾ എന്നിവയ്ക്കായി ഇന്ത്യയിലെത്തുന്ന വിദേശികൾക്ക് ഹ്രസ്വകാലയളവിലേക്ക് മിതമായ ഫീസിന് നൽകുന്ന ഈ വിസ കേരളത്തിലെ വിനോദസഞ്ചാര മേഖലയിലും ഉണർവ് പകർന്നിട്ടുണ്ട്.

(സി) കേരളത്തിലേക്ക് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും ഈ മേഖലയിലെ തൊഴിലവസരങ്ങളും വരുമാനവും വർദ്ധിപ്പിക്കുന്നതിനും പുതിയ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(നക്ഷത്രചിഹ്നമിടാത്ത 2336, 2359, 2373, 2377, 2384, 2385 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly